# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3165** **18/06/2019 ൽ മറുപടിക്ക്**

## കശുവണ്ടി വ്യവസായ മേഖലയെ ലാഭത്തിലാക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. വി. വിജയദാസ് | | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വ്യവസായ മേഖലയിൽ സ്വീകരിച്ചിട്ടുളള നടപടികളും ആയതിന്റെ ഫലമായി വന്നുചേർന്നിട്ടുള്ള മാറ്റങ്ങളും വിശദമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016 ഓണത്തിനു മുൻപ് പൊതുമേഖലയിലുള്ള കോർപ്പറേഷൻ ഫാക്ടറികളും കാപക്സ് ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു.<br>തോട്ടണ്ടി ദൗർലഭ്യം കാരണവും ഫണ്ടിന്റെ അഭാവംമൂലം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്ന പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിച്ച് തൊഴിലാളിയ്ക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമാക്കി 2017-ൽ രൂപീകരിച്ച കേരള കാഷ്യുബോർഡ് മുഖാന്തിരം കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കി.<br>കാപെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും ഈ വർഷം അവസാനം വരെ തുടർച്ചയായി പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടി ബോർഡ് മുഖാന്തിരം ഇതിനകം സ്റ്റോക്ക് ചെയ്തിട്ടുണ്ട്.<br>കടക്കെണിമൂലം പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറിക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അതാത് വ്യവസായത്തിന്റെ ധനകാര്യ സ്ഥിതിയുടെ അടിസ്ഥാനത്തിൽ വായ്പലഭ്യമാക്കി വരികയാണ്. നിരന്തര ഇടപെടലിന്റെ ഫലമായാണ് ഇത്തരത്തിൽ സ്വകാര്യഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്ന സ്ഥിതിയിലെത്തിയത്. 06/02/2019-ൽ ബഹു. മുഖ്യമന്ത്രിയുടെ |
| (ബി) | കശുവണ്ടി വ്യവസായത്തെ ലാഭത്തിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | | |

അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വ്യവസായങ്ങൾക്ക് ബാങ്കുകൾ നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ 9 ശതമാനമായി ഏകീകരിക്കാനും പുതിയതായി അനുവദിക്കുന്ന വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി നൽകാനും പിഴപ്പലിശ ഒഴിവാക്കാനും വ്യവസായികൾ സർക്കാരിന് നൽകാനുള്ള കുടിശ്ശികയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കാനും തീരുമാനമായിട്ടുണ്ട്. സബ്സിഡി നൽകുന്നതിനായി ബജറ്റിൽ തുകയും വകയിരുത്തിയിട്ടുണ്ട്. ഈ നടപടികൾ സ്വകാര്യ വ്യവസായങ്ങൾക്കനുകൂലമായ നിലപാട് സ്വീകരിക്കാൻ ബാങ്കുകളെ പ്രേരിപ്പിച്ചിട്ടുണ്ട്.

പൊതുമേഖലയിലുള്ള 40 ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും പ്രവർത്തന മൂലധനമായും ഫണ്ട് ലഭ്യമാക്കി കാപെക്സിലെയും കാഷ്യു കോർപ്പറേഷനിലേയും തൊഴിലാളികൾക്ക് ബോണസ്സും ഗ്രാറ്റുവിറ്റിയും ലഭ്യമാക്കി മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനത്തിനും ബ്രാന്റ് ബിൽഡിംഗിനും ഫണ്ട് ലഭ്യമാക്കി. കോർപ്പറേഷൻ ധനകാര്യസ്ഥാപനങ്ങൾക്ക് കുടിശ്ശികയാക്കിയിരുന്ന തുക 80 കോടി രൂപ ഒറ്റത്തവണയായി നൽകി തീർപ്പാക്കി.

കേരളത്തിൽ നിന്നും ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി സർക്കാർ രൂപീകരിച്ച പ്രൈസ് ഫിക്സേഷൻ കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് കാപെക്സും കാഷ്യു കോർപ്പറേഷനും ശേഖരിച്ചു വരുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും തോട്ടങ്ങളിൽ നിന്നുമുള്ള തോട്ടണ്ടിയാണ് ഇതുവഴി ശേഖരിച്ചിട്ടുള്ളത്.

സംസ്ഥാന കശുമാവ് കൃഷിവികസന ഏജൻസി മുഖാന്തിരം കേരളത്തിൽ വിപുലമായ രീതിയിൽ അത്യുല്പാദന ശേഷിയുള്ളയിനം കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും നടപടിസ്വീകരിച്ചുവരുന്നു.

കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കിയാലോ ഉയർന്ന വിലയ്ക്ക് പരിപ്പ് വിറ്റാലോ മാത്രം കശുവണ്ടി വ്യവസായത്തെ ലാഭത്തിലാക്കാൻ

കഴിയില്ല. വ്യവസായ നടത്തിപ്പിൽ കാര്യക്ഷമമായി ഇടപെട്ടാൽ മാത്രമേ വ്യവസായത്തെ ലാഭത്തിലാക്കി തൊഴിൽ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള ഫലപ്രദമായ ഇടപെടലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നത്

സെക്ഷൻ ഓഫീസർ